**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 442 — 28/06/2013-ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, രാജു എബ്രഹാം<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറിയുടെ ലഭ്യതക്കുറവ് ഇപ്പോൾ പരിഹരിക്കപ്പെടുന്നത് എങ്ങിനെയാണ് ; | എ) സംസ്ഥാനത്തിന് ആവശ്യമുള്ള പച്ചക്കറിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നവ ഒഴികെയുള്ളത് അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരികയാണ് നിലവിലുള്ള രീതി. |
| ബി) കൃഷി വകുപ്പിന് കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് പച്ചക്കറി വിപണിയിൽ ഇടപെടുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥാപനങ്ങൾ അന്യ സംസ്ഥാനത്തു നിന്നും പച്ചക്കറികൾ വാങ്ങാറുണ്ടോ? | ബി) കൃഷി വകുപ്പിന് കീഴിലുള്ള ഹോർട്ടികോർപ്പും, വി.എഫ്.പി.സി.കെ യും പച്ചക്കറി വിപണിയിൽ ഇടപെടുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ